# സംയോജിത ശിശു സംരക്ഷണ പദ്ധതി : കേരളം

## സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ

(ഹാജർ : ശ്രീമതി ഷീബാ ജോർജ്ജ് ഐ.എ.എസ്, വനിതാ ശിശു വികസന വകുപ്പ്)

വിഷയം : വനിതാ ശിശു വികസന വകുപ്പ്, തിരുവനന്തപുരം - ബട്ടർഫ്ലൈ ഫെസിലിറ്റേറ്റേഴ്സ് വർക്ക്ഷോപ്പ് പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിനായി ഉത്തരവാകുന്നു.

പരാമർശം :. തിരുവനന്തപുരം ജില്ലാ പ്രോഗ്രാം ഓഫീസറുടെ 10/10/2018-ലെ 2020/2018-ലെ കത്ത്

## ഉത്തരവ് നമ്പർ : ICPS 2/15566/2018 തീയതി : 10/10/2018

പെരുമാറ്റവൈകല്യം ഉള്ള കുട്ടികളെ കണ്ടെത്തി പെരുമാറ്റ വൈകല്യം പരിഹരിക്കുന്നതിനുള്ള പരിശീലന പരിപാടിയായ ബട്ടർഫ്ലൈ ഫെസിലിറ്റേറ്റേഴ്സ് വർക്ക്ഷോപ്പ് പരിശീലന പരിപാടി 2018 ഒക്ടോബർ 11 മുതൽ 14 വരെ കോട്ടയം ജില്ലയിലെ തന്മയ മീഡിയ സെൻറർ, കുമാരനെല്ലൂർ, കോട്ടയം എന്ന സ്ഥാപനത്തിൽ വച്ച് സംഘടിപ്പിക്കുന്നു. പ്രസ്തുത പരിപാടിയിലേയ്ക്ക് കുട്ടികളുമായി ചേർന്ന് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരെ നിയോഗിക്കണമെന്ന് വകുപ്പ് സെക്രട്ടറി നിർദ്ദേശിച്ചതായും പരാമർശപ്രകാരം തിരുവനന്തപുരം ജില്ലാ പ്രോഗ്രാം ഓഫീസർ അറിയിച്ചിരിക്കുന്നു. ടി സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന ഉദ്യോഗസ്ഥരെ പ്രസ്തുത പരിശീലന പരിപാടിക്കായി നിയോഗിക്കാവുന്നതാണ്.

| | | |
|---|---|---|
| 1 | ശ്രീമതി.ചിത്രലേഖ.ഐ | സ്കൂൾ കൗൺസിലർ, ജി.എച്ച്.എസ്.എസ്, നെടുവേലി |
| 2 | ശ്രീമതി.പ്രീത.പി.വി, | സ്കൂൾ കൗൺസിലർ ജി.വി.എച്ച്.എസ്.എസ് |
| 3 | ശ്രീമതി.കലാ ചന്ദ്രബോസ്, | സ്കൂൾ കൗൺസിലർ കൂവപ്പടി |
| 4 | ശ്രീമതി.ലക്ഷ്മി.പി.എസ്, | ഹോം മാനേജർ, നിർഭയ പൂജപ്പുര, തിരുവനന്തപുരം |
| 5 | ശ്രീമതി.സബിത.എൻ.ഡി, | ഹോം മാനേജർ, നിർഭയ പാലക്കാട് |
| 6 | ശ്രീമതി.വത്സമ്മ.കെ.ഡബ്ല്യിയു, | കെയർടേക്കർ ഗവ ചിൽഡ്രൻസ് ഹോം, കോട്ടയം |

ടി സാഹചര്യത്തിൽ 2018 ഒക്ടോബർ 11 മുതൽ 14 വരെ തന്മയ മീഡിയ സെൻറർ, കുമാരനെല്ലൂർ, കോട്ടയം എന്ന സ്ഥാപനത്തിൽ വച്ച് നടത്തുന്ന ബട്ടർഫ്ലൈ ഫെസിലിറ്റേറ്റേഴ്സ് വർക്ക്ഷോപ്പ് പരിശീലന പരിപാടിയിലേയ്ക്ക് മേൽ സൂചിപ്പിച്ച ഉദ്യോഗസ്ഥരെ നിയോഗിച്ച് ഉത്തരവാകുന്നു. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ടി ഉദ്യോഗസ്ഥരെ പരിപാടിയിൽ പങ്കെടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ടി ഉദ്യോഗസ്ഥർക്ക് പ്രസ്തുത പരിപാടിയിൽ പങ്കെടുക്കുന്നതിനുള്ള ഫീസും നിയമപ്രകാരമുള്ള TA/DA വകുപ്പിൽ നിന്നും അനുവദിക്കുന്നതാണ്. ടി ഉദ്യോഗസ്ഥർ കൃത്യം 9.00-ന് തന്നെ തന്മയ മീഡിയ സെൻറർ, കുമാരനെല്ലൂർ, കോട്ടയം എന്ന സ്ഥാപനത്തിൽ എത്തിച്ചേരേണ്ടതാണ്.

(ഒപ്പ്)

ഡയറക്ടർ,
വനിതാ ശിശു വികസന വകുപ്പ്
ആൻഡ് മെമ്പർ സെക്രട്ടറി
(എസ്.സി.പി.എസ്)

മേൽ സൂചിപ്പിച്ച ഉദ്യോഗസ്ഥർക്ക്

പകർപ്പ്

1. ജില്ലാ പ്രോഗ്രാം ഓഫീസർ, തിരുവനന്തപുരം
2. സൂപ്രണ്ട്, ഗവ ചിൽഡ്രൻസ് ഹോം, കോട്ടയം
3. സി.ഡി.പി.ഒ, പാറശാല, തിരുവനന്തപുരം
4. സി.ഡി.പി.ഒ, നെടുമങ്ങാട് അഡീഷണൽ
5. സി.ഡി.പി.ഒ, കുവപ്പടി, എറണാകുളം
6. സ്റ്റോക്ക് ഫയൽ

ഉത്തരവിൻപ്രകാരം

പ്രോഗ്രാം മാനേജർ (IC)